

# അമ്പഴക്കാട് സെന്റ് തോമസ് ഫൊറോന ഇടവക

മാർ തോമാശ്ലീഹായിൽ നിന്ന് പകർന്നുകിട്ടിയ ക്രൈസ്തവവിശ്വാസത്തിന്റെ ഫലമായി കേരളത്തിൽ ക്രിസ്തുമതം വളർന്ന് വികസിക്കാൻ തുടങ്ങിയ ആദ്യകാലഘട്ടത്തിൽതന്നെ രൂപംകൊണ്ടതാണ് അമ്പലക്കാട് എന്നറിയപ്പെട്ടിരുന്ന അമ്പഴക്കാട്. തോമാശ്ലീഹായുടെ ചൈതന്യം ഏറ്റുവാങ്ങിയിരുന്ന ഇന്നാട്ടുകാർ എ.ഡി. രണ്ടാം ശതകം മുതൽ തന്നെ ഇവിടെ ആരാധനാലയം പണിയുവാൻ ആഗ്രഹിച്ചിരുന്നെങ്കിലും പ്രതികൂല സാഹചര്യങ്ങൾ മൂലം പിന്നെയും നീണ്ടുപോയി. അമ്പഴക്കാട് മനയ്ക്കലെ നമ്പൂതിരി ദാനമായി നല്കിയ ഭൂമിയിൽ എ.ഡി. 300-ൽ അമ്പഴക്കാട് ദേവാലയം സ്ഥാപിക്കപ്പെട്ടു. 'കൂനൻകുരിശു സത്യ'ത്തിന്റെ (1653) കാലഘട്ടത്തിൽ കൊടുങ്ങല്ലൂർ അതിരൂപതയുടെ കീഴിലായിരുന്നു അമ്പഴക്കാട്.

പോർട്ടുഗീസ്കാരുടെ ശക്തി ക്ഷയിക്കുകയും 1663-ൽ ഡച്ചുകാർ കൊച്ചി കൈവശപ്പെടുത്തുകയും ചെയ്തതോടെ ഈശോസഭക്കാർ വൈപ്പിക്കോട്ടയിലെ സെമിനാരി അമ്പഴക്കാട്ടേക്ക് (സമ്പാളൂർ) മാറ്റി സ്ഥാപിച്ചു. ഈശോസഭയുടെ ഭവനവും വിദ്യാപീഠത്തിന് (സെന്റ് പോൾസ് കോളേജ്) പുറമേ മാർതോമാ ക്രിസ്ത്യാനികൾക്കുവേണ്ടി ഒരു സെമിനാരിയും അതിനോടനുബന്ധിച്ച് അവർ ആരംഭിച്ചു. അങ്ങനെയെത്തിയവരിൽ ഒരുവനാണ് ഹംഗറിക്കാരനായ ജോൺ ഏണസ്റ്റ് ഹാങ്ങ്സിൽഡൺ എന്ന അർണോസ് പാതിരി. ഇദ്ദേഹം വൈദികപട്ടം സ്വീകരിച്ചതും തന്റെ പ്രശസ്തമായ കാവ്യങ്ങളും ജ്യോതി:ശാസ്ത്ര പഠനങ്ങളും തയ്യാറാക്കിയതും ഇവിടെവച്ചാണ്. സെമിനാരിയോടനുബന്ധിച്ച് സ്ഥാപിച്ച അച്ചുകൂടത്തിൽ മലയാളത്തിലേയും തമിഴിലേയും സുപ്രധാനങ്ങളായ നിരവധി ആദ്യകാലഗ്രന്ഥങ്ങൾ അച്ചടിക്കപ്പെട്ടിട്ടുണ്ട്.

## ഫൊറോന

തൃശ്ശൂർ രൂപത നിലവിൽ വന്നശേഷം 1944-ൽ മാർ ജോർജ്ജ് ആലപ്പാട്ട് തിരുമേനി അമ്പഴക്കാട് ഇടവകയെ ഫൊറോനയുടെ പദവിയിലേയ്ക്ക് ഉയർത്തി. ചാലക്കുടി ഫൊറോനയിൽപെട്ടിരുന്ന ഏതാനും പള്ളികളാണ് ഇതിൽ ഉൾപ്പെടുത്തിയത്.

## ദേവാലയ പുനർനിർമ്മാണം

കൃഷ്ണൻകോട്ട മുതൽ പഴൂക്കര വരെ തിരുവിതാംകൂർ രാജാവ് പണിത നെടുനീളൻ കോട്ട പള്ളിയുടെ സമീപത്തുകൂടെ കടന്നുപോയിരുന്നതിനാൽ വിശ്വാസികൾ ഭയത്തോടെയായിരുന്നു



പാരിഷ് ഹാൾ

കഴിഞ്ഞിരുന്നത്. 1789-90 കാലഘട്ടങ്ങളിൽ ടിപ്പുവിന്റെ ആക്രമണത്തിൽ അമ്പഴക്കാട് പള്ളിയും സെമിനാരിയും നശിപ്പിക്കപ്പെട്ടു. ടിപ്പുവിന്റെ ആക്രമണശേഷം പുനരുദ്ധരിക്കപ്പെട്ട ദേവാലയത്തോടനുബന്ധിച്ച് സ്ഥാപിച്ച, കരിങ്കല്ലിൽ തീർത്ത 3 വലിയ കുരിശുകൾ അമ്പഴക്കാടിന്റെ പാരമ്പര്യം വിളിച്ചോതുന്നു. വൈകാതെതന്നെ ദേവാലയം പുനരു



പടിഞ്ഞാറെ കുരിശ്



തെക്കെ കുരിശ്



കിഴക്കെ കുരിശ്

ദ്ധരിക്കപ്പെട്ടെങ്കിലും 200 വർഷങ്ങൾക്കുള്ളിൽ റവ. ഫാ. ജോസഫ് കിഴക്കുംതലയുടെ നേതൃത്വത്തിൽ പുനർനിർമ്മാണത്തിനു വിധേയമായി പുതിയ പള്ളി, 1971 മാർച്ച് 13-ന് അഭിവന്ദ്യ മാർ ജോസഫ് കുണ്ടുകുളം പിതാവ് ആശീർവദിച്ചു.

പിന്നീട് റവ. ഫാ. ജോൺ അരിക്കാട്ടിന്റെ നേതൃത്വത്തിൽ മദ്ബഹായും അൾത്താരയും മനോഹരമായി പുനർനിർമ്മിച്ച് 1995-ൽ ആശീർവദിച്ചു. 2009-ൽ റവ. ഫാ. ആന്റോ തച്ചിലിന്റെ നേതൃത്വത്തിൽ



1971-ൽ പുനർനിർമ്മിച്ച ദേവാലയം

മറ്റൊരു നവീകരണ ത്തിന് വിധേയമായ ദേവാലയത്തിന്റെ ആശീർവാദകർമ്മം സെപ്തംബർ 26 ശനിയാഴ്ച നിർവ്വഹിച്ചു. അമ്പഴക്കാട് പള്ളിയിൽനിന്ന് രൂപംകൊണ്ട പുത്തൻചിറ, ചാലക്കുടി, കൊരട്ടി, മാള തുടങ്ങിയ ഇടവക ദേവാലയങ്ങൾ അമ്പഴക്കാടിന്റെ പഴമയെ സാക്ഷ്യപ്പെടുത്തുന്നു.

## സന്യാസഭവനങ്ങൾ

1868-ൽ സ്ഥാപിതമായ അമ്പഴക്കാട് കോട്ടയ്ക്കൽ കൊവേന്ത എന്ന് അറിയപ്പെടുന്ന വി. അമ്മത്രേസ്യയുടെ കർമ്മലീത്ത ആശ്രമവും, 1897-ൽ നിർമ്മിതമായ വൈന്തല കർമ്മലീത്തമഠവും ഇതിൽ പ്രധാനപ്പെട്ടവയാണ്. കർമ്മലീത്താ മഠം ഇപ്പോൾ വൈന്തല ഇടവകയിൽപ്പെടുന്നു.

## സാന്തോം സമരിറ്റൻ കോൺവെന്റ്

2004 മെയ് 26-ന് അഭിവന്ദ്യ മാർ ജെയിംസ് പഴയാറ്റിൽ പിതാവ് വെഞ്ചരിച്ച സമരിറ്റൻ സന്യാസിനീഭവനമാണ് പള്ളിയുടെ കിഴക്കുഭാഗത്തുള്ള സാന്തോം കോൺവെന്റ്. ഇടവക നേരത്തെ തുടങ്ങിവച്ച നഴ്സറി സ്കൂൾ ഇപ്പോൾ ബഹു. സിസ്റ്റേഴ്സിന്റെ മേൽനോട്ടത്തിൽ നടത്തുന്നു. അവരുടെ കീഴിൽ ഒരു സോഷ്യൽ സെന്ററും പ്രവർത്തിക്കുന്നു.



സാന്തോം സമരിറ്റൻ കോൺവെന്റ്



സാന്തോം നഴ്സറി സ്കൂൾ

ബഹു. സിസ്റ്റേഴ്സിന്റെ സേവനം ഇടവകയ്ക്ക് ഏറെ ഉപകാരപ്രദമാണ്.

## സ്ക്കൂൾ

പള്ളിയോട് ചേർന്ന് 1903-ൽ രൂപംകൊണ്ട അമ്പഴക്കാട് എൽ.പി. സ്ക്കൂൾ പള്ളി മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്നു. പഴയ കെട്ടിടം പുതുക്കിപ്പണിത് 2008 ഡിസംബർ 8-ാം തിയ്യതി മാർ ജെയിംസ് പഴയാറ്റിൽ ആശീർവദിച്ചു.



സെന്റ് തോമസ് എൽ.പി. സ്കൂൾ

## കപ്പേള



സെ.ആന്റണീസ് കപ്പേള, പാളയംപറമ്പ്

സെന്റ് ആന്റണീസ് ബാലഭവൻ വകയായി പാളയംപറമ്പിൽ ഉണ്ടായിരുന്ന വളരെ പഴക്കമാർന്ന കപ്പേള, 1981-ൽ പള്ളിയ്ക്ക് നല്കുകയും പിന്നീട്, ശ്രീ. കണിച്ചായി ജോസ് ട്രസ്റ്റ് അത് പുതുക്കിപ്പണിയുകയും ചെയ്തു. കൂടാതെ, പുരാതനമായ ഏതാനും കുരിശടികൾ ഇടവകയുടെ വിവിധ ഭാഗങ്ങളിൽ കാണാം.

## ബാലഭവൻ & സാൻജോ ഐ.ടി.സി.

1925-ൽ സ്ഥാപിതമായ പുളിയിലക്കുന്ന് സെന്റ് ആന്റണീസ് ബാലഭവനിൽ 150-ൽ താഴെ നിർദ്ധനരായ ആൺകുട്ടികൾ സ്ക്കൂൾ പഠനവും പരിശീലനവും നേടുന്നു. ബാലഭവന്റെ നേതൃത്വത്തിൽ നടത്തുന്ന നഴ്സറി സ്ക്കൂൾ 1970-ലാണ് സ്ഥാപിതമായത്. ബാലഭവനോടുചേർന്ന് രൂപതാ സോഷ്യൽ ആക്ഷന്റെ കീഴിലുള്ള സാൻജോ ഐ.ടി.സി. 1985-ൽ സ്ഥാപിതമായി.



10-ാം പിയൂസ് കപ്പേള (ബാലഭവൻ)

## നസ്രത്ത് റിട്ടയർമെന്റ് ഹോം, പുളിയിലക്കുന്ന്

കാലഘട്ടത്തിന്റെ ആവശ്യം മുന്നിൽ കണ്ട് കർമ്മലീത്താ സിസ്റ്റേഴ്സിന്റേതായി ഇരിങ്ങാലക്കുട ഉദയപ്രോവിൻസിന്റെ കീഴിൽ ആരംഭംകുറിച്ചതാണ് നസ്രത്ത് റിട്ടയർമെന്റ് ഹോം. കത്തോലിക്കാ വിശ്വാസത്തിൽ പെട്ടവരും വിവാഹിതരോ, ഏകസ്ഥരോ ആയവരും സ്വന്തം കുടുംബത്തിൽ തങ്ങളുടെ ജീവിതം ന്യായമായ കാരണങ്ങളാൽ മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കാത്തവരും 55 വയസ്സ് കഴിഞ്ഞവരും സൽസ്വഭാവികളുമായ സ്ത്രീകൾക്ക് സമാ



റിട്ടയർമെന്റ് ഹോം, പുളിയിലക്കുന്ന്

ധാനപരമായും ആദ്ധ്യാത്മികാന്തരീക്ഷത്തിലും ജീവിക്കുവാൻ അവസരം ഒരുക്കിക്കൊടുക്കുക എന്നതാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. ഭക്ഷണം, താമസം എന്നിവയ്ക്കായി ഒരു നിശ്ചിത തുക മൂലധനമായി സ്വീകരിക്കുന്നു.

പുളിയിലക്കുന്ന് ബാലഭവന്റെ അടുത്തുള്ള എയ്ജ്ഡ് ഹോമിന്റെ പറമ്പിൽ 15.8.1984-ൽ ഈ സ്ഥാപനത്തിന് തറക്കല്ലിട്ട് പണിതുടങ്ങുകയും 15.8.1985-ൽ പണി പൂർത്തിയായപ്പോൾ രൂപതാദ്ധ്യക്ഷൻ മാർ ജെയിംസ് പഴയാറ്റിൽ ഈ ഭവനത്തിന്റെ ആശീർവാദകർമ്മം നിർവ്വ



പുരാതന സക്രാരി



പുരാതന മാമോദീസതൊട്ടി

ഹിക്കുകയും ചെയ്തു. 9.3.1999-ൽ ഈ ഭവനത്തോട് ചേർന്ന് പുതിയ കെട്ടിടത്തിന് ശിലാസ്ഥാപനം നടത്തി. 31.7.2000-ൽ അഭിവന്ദ്യപിതാവ് തന്നെ വെഞ്ചരിപ്പും നിർവ്വഹിച്ചു.

## സെന്റ് ജോസഫ് എയ്ജ്ഡ് ഹോം പുളിയിലക്കുന്ന്

1932 ജനുവരി 14-ന് ധർമ്മനിഷ്ഠനും വൈന്തല കർമ്മലീത്താമഠത്തിന്റെ കപ്ലോനുമായിരുന്ന തൃശ്ശൂർ തട്ടിൽ ചേറ്റുപുഴക്കാരൻ ബഹു. തോമസ് അച്ചന്റെ ആഗ്രഹപ്രകാരം അഭിവന്ദ്യ വാഴപ്പിള്ളി മാർ ഫ്രാൻസിസ് മെത്രാനച്ചന്റെ ഗുരുപ്പട്ട രജതജൂബിലി സ്മാരകമായി വൈന്തല മഠം വക പറമ്പിൽ സാധു സംരക്ഷണാർത്ഥം ഒരു വൃദ്ധമന്ദിരം ആരംഭിക്കുന്നതിന് മെത്രാനച്ചന്റെ അനുമതി ലഭിച്ചു.

മഠത്തിന്റെ തെക്കുഭാഗം ക്രാത്തയ്ക്ക് മുൻവശത്ത് വൃദ്ധകൾക്കുവേണ്ടി അനാഥശാല പണിയുന്നതിന് അഭിവന്ദ്യപിതാവ് ശിലാസ്ഥാപനം നടത്തി. ബഹു. കപ്ലോനച്ചൻ സ്വന്തം ചെലവിൽ പണി പൂർത്തിയാക്കി. 1933 ജനുവരി 14-ന് അഭിവന്ദ്യ പിതാവ് വൃദ്ധമന്ദിരത്തിന്റെ വെഞ്ചരിപ്പ് നിർവ്വഹിച്ചു. പിന്നീട്, 1974-ൽ സൗകര്യാർത്ഥം പുളിയിലക്കുന്നിലെ പറമ്പിൽ കെട്ടിടം പണിത് ഇങ്ങോട്ട് മാറ്റി സ്ഥാപിക്കുകയാണുണ്ടായത്. ഫൊറോനാവികാരി ചിറ്റിലപ്പിള്ളി ബഹു. ജോർജ്ജച്ചന്റെ നേതൃത്വത്തിൽ പണിതീർത്ത കെട്ടിടം 1975 ഡിസംബർ 15-ന് അഭിവന്ദ്യ കുണ്ടുകുളം പിതാവാണ് ആശീർവദിച്ചത്.



സെന്റ് ജോസഫ്സ് എയ്ജഡ് ഹോം



പുരാതന ദേവാലയം